അവർ വളരെ ബുദ്ധിമുട്ടിലാണ്. അവർക്ക് അന്ന് പോർട്ട് ഡിപ്പാർട്ടുമെൻറിന്റെ കൈവശം ഉണ്ടായിരുന്ന പണത്തിൽ നിന്നും 1977-ൽ 250 രൂപ വീതവും 1980-ൽ 150 രൂപ വീതവും കൊടുത്തിരുന്നു. നേരത്തേ സ്വരൂപിച്ചിരുന്ന ഫണ്ടിൽ നിന്നാണ് ഇത് ലോണായിട്ട് കൊടുത്തിരുന്നത്. അത് തിരിച്ചു കിട്ടും എന്നാണ് കരുതിയത്. പക്ഷേ തിരിച്ചടയ്ക്കാൻ അവർക്ക് യാതൊരു സൗകര്യവുമില്ല. ട്രേഡ് യൂണിയൻ നേതാക്കളും കൂടി ഞാൻ പറഞ്ഞ രീതിയിലുള്ള സമീപനം സ്വീകരിച്ചാൽ പോർട്ട് തുറപ്പിക്കുന്നതിനുള്ള എല്ലാ ശ്രമവും ഉടൻ തുടങ്ങുന്നതാണ്. എത്രയും വേഗം കോൺഫറൻസ് വിളിച്ചു കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) ഐ. ടി. ഡി. സി. യുടെ അശോക് ഹോട്ടലിലെ ജീവനക്കാരന്റെ സംശയാസ്പദമായ മരണം

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഐ. റ്റി. ഡി. സി. വക അശോക് ഹോട്ടലിലെ ഒരു ജീവനക്കാരനായിരുന്ന ശ്രീ. രവീന്ദ്രൻനായർ 25-7-1986 രാവിലെ 7 മണിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് മരിച്ചു. 23-7-1986 രാത്രി കരമന പാലത്തിന്റെ തെക്കു വശത്തുള്ള റോഡിൽ വച്ച് ഒരു ആക്സിഡന്റിൽപെട്ട് മരിച്ചു എന്നാണ് വാർത്തകൾ പ്രചരിച്ചിട്ടുള്ളത്. പക്ഷേ വസ്തുത അതല്ല. അവിടെ ചെന്ന് അന്വേഷിച്ചപ്പോൾ പ്രസ്തുത സ്ഥലത്തുവച്ച് ഒരു ആക്സിഡന്റ് നടന്നതായി യാതൊരു വിവരവുമില്ല. പാച്ചല്ലൂർക്കാരൻ രാധാകൃഷ്ണൻ നായർ 23-7-1986 രാവിലെ ഇയാളെ വീട്ടിൽ നിന്നും കൂട്ടിക്കൊണ്ടുപോയി എന്നാണ് വിവരം. ഇത് കൊലപാതകമാണെന്നാണ് നാട്ടിൽ പരക്കെയുള്ള സംശയം. അന്വേഷണത്തിൽ നിന്നും മനസ്സിലാകുന്നതും അതാണ്. കൊലയാളികളും തിരുവനന്തപുരത്തുള്ള, വളരെ സ്വാധീനവും ശക്തിയുമുള്ള പ്രഗൽഭരാണ്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് വിശദമായി അന്വേഷിച്ച് യഥാർത്ഥ കുറ്റവാളികളെ വെളിച്ചത്തുകൊണ്ടു വരണമെന്ന കാര്യത്തെക്കുറിച്ചാണ് ഞാൻ അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് രവീന്ദ്രൻ നായരും രാധാകൃഷ്ണനും സുഹൃത്തുക്കളായിരുന്നുവെന്നാണ്. സംഭവദിവസം രാവിലെ രവീന്ദ്രൻനായർ രാധാകൃഷ്ണന്റെ സായി റാം ട്രാവൻസ് എന്നു പറയുന്ന സ്ഥാപനത്തിൽ വന്നു. രണ്ടുപേരും കൂടി മോട്ടോർസൈക്കിളിൽ ചാത്തന്നൂരിലേക്കു പോയി. മടങ്ങിവരുമ്പോൾ ആറ്റിങ്ങൽവച്ചു അവർ മദ്യപിച്ചിരുന്നുവെന്ന് അന്വേഷണത്തിൽ നിന്നും അറിയുന്നു. അവിടെ നിന്നും തിരിച്ചുവരുന്ന അവസരത്തിൽ ഒരു കാളവണ്ടിയിൽ മുട്ടി ആക്സിഡന്റുണ്ടായി രവീന്ദ്രൻനായർ മരിച്ചുവെന്നാണ് റിപ്പോർട്ട്. ആക്സിഡന്റുണ്ടായ ഉടൻ തന്നെ രവീന്ദ്രൻനായരെ അടുത്തുണ്ടായിരുന്ന അറിയുന്ന ഒരാളെക്കൂട്ടി ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി അഡ്മിറ്റു ചെയ്തു. ഹോസ്പിറ്റലിൽ രവീന്ദ്രൻനായർ കൊടുത്ത മൊഴിയിൽ ആക്സിസന്റ് പ്രകാരമാണ് ഇത് ഉണ്ടായത് എന്നു പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ഇത് ഒരു സാധാരണ മോട്ടോർ ആക്സിഡന്റാണ്. അങ്ങനെയൊരു കേസ് രജിസ്റ്റർ ചെയ്തു. അതിനുശേഷമാണ് രവീന്ദ്രൻനായരുടെ മരണത്തിൽ തനിക്കു സംശയമുണ്ടെന്നു അയാളുടെ ഭാര്യയുടെ പരാതി കിട്ടിയത്. അതിന്റെ അടിസ്ഥാനത്തിൽ ഇത് ഒരു കൈം കേസായി രജിസ്റ്റർ ചെയ്തു. ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തും.

LIBRARY ARCHIVES Kerala Legislative Assembly